(ബി) ഇതുസംബന്ധിച്ച് സാംസ്കാരിക വകുപ്പ് ഡയറക്ടർ നൽകിയ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

&

(സി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ അത്താണിക്കൽ കേന്ദ്രീകരിച്ച് നാട്ടരങ്ങ് പദ്ധതി ആരംഭിക്കുന്നതിന് നടപ്പ് സാമ്പത്തികവർഷം ഫണ്ട് അനുവദിക്കുമോ?

(എ-സി) സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതുയിടങ്ങൾ എന്ന ലക്ഷ്യത്തോടനുബന്ധിച്ചുള്ള നാട്ടരങ്ങ് പദ്ധതി വള്ളിക്കുന്നം നിയോജക മണ്ഡലത്തിലെ അത്താണിക്കൽ ഉൾപ്പെടുത്തണമെന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

എരഞ്ഞോളി മൂസ ഫൗണ്ടേഷന് അനുവദിച്ച ഗ്രാന്റ്

285 (3991) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എരഞ്ഞോളി മൂസ ഫൗണ്ടേഷന് നടപ്പുവർഷത്തെ ബഡ്ജറ്റിൽ ഗ്രാന്റായി അനുവദിച്ച 10 ലക്ഷം രൂപ എന്തൊക്കെ കാര്യങ്ങൾക്കാണ് ചെലവാക്കാൻ സാധിക്കുകയെന്ന് വ്യക്തമാക്കാമോ?

ഓരോ സ്ഥാപനങ്ങളുടേയും നേതൃത്വത്തിലുള്ള വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കും കലാ-സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനുംവേണ്ടിയാണ് സാധാരണഗതിയിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക വിവിധ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവരുന്നത്.

(ബി) പ്രസ്തുത ഫണ്ട് റിലീസ് ചെയ്യുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആയത് അടിയന്തരമായി അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

2021-2022 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനയിൽ 2205-0-102-8-42-നോൺ പ്ലാൻ എന്ന ശീർഷകത്തിൽ കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന എരഞ്ഞോളി മൂസ ഫൗണ്ടേഷന് വകയിരുത്തിയിട്ടുള്ള 10,00,000 രൂപ ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത ഫൗണ്ടേഷൻ അധികൃതർ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly